പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ: 2415

18.02.2016 ൽ മറുപടിക്ക്

## കായംകുളം മണ്ഡലത്തിലെ ചേരാവള്ളി കുളം പുനരുദ്ധാരണം

| ചോദ്യം<br>ശ്രീ.സി.കെ.സദാശിവൻ | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കായംകുളം നിയോജക മണ്ഡലത്തിലെ കായംകുളം നഗരസഭാ വാർഡ് 27-ൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പുനരുദ്ധാരണത്തിനായി ഭരണാനുമതി ലഭിച്ച ചേരാവള്ളി കുളം പാതി വഴിയിൽ കരാറുകാരൻ ഉപേക്ഷിച്ചു പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുള്ള കായംകുളം നിയോജക മണ്ഡലത്തിലെ ചേരാവള്ളി കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് കരാറുകാരനെ ചുമതലപ്പെടുത്തിയിട്ടില്ല. പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഗുണഭോക്തൃ സമിതി രൂപീകരിക്കുകയും അതിൽനിന്നും കൺവീനറെ തെരെഞ്ഞെടുക്കുകയും ചെയ്തിരുന്നു. ടി കൺവീനർ 09.02.2015-ന് നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. എന്നാൽ കുട്ടനാട് പാക്കേജിൽ 2014-15 വർഷത്തെ ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ ഇനിയൊരറിയിപ്പ ലഭിക്കുന്നതുവരെ നിർമ്മാണ പ്രവൃത്തികൾ നിർത്തിവയ്ക്കാൻ കൺവീനറോട് ആവശ്യപ്പെട്ടിരുന്നു. |
| (ബി) എങ്കിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ഇത് എന്നേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നും വിശദമാക്കുമോ? | (ബി) | കുട്ടനാട് പാക്കേജിൽ ലഭിക്കാനുള്ള തുകയ്ക്ക് ഇപ്പോൾ ഭരണാനുമതി നൽകിയിട്ടുള്ളതിനാൽ 09.02.16-ൽ കൺവീനറുമായി ഉപകരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. ആയതിന് അംഗീകാരം നൽകിയിട്ടുള്ളതും 2016 മാർച്ച് 31-നകം പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തീകരിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ